# ടി.എസ്.നന്ദകുമാറിന് സ്വരസാധന രത്ന അവാർഡ്



മുംബയ്: ക്ലാസിക്കൽ സംഗീതരംഗത്തെ പ്രതിഭകൾക്ക് സ്വരസാധന സമിതി വർഷംതോറും നൽകുന്ന സ്വരസാധനരത്ന അവാർഡ് ഈ വർഷം ടി. എസ്. നന്ദകുമാറിന് ലഭിക്കും.

മാർച്ച് 7നു വ്യാഴാഴ്ച ആരംഭിച്ച 37-ാമത് വാർഷിക സംഗീതസമ്മേളനമായ 'സ്വരസാധനോത്സവ്-2002' ന്റെ സമാപന ദിവസമായ ഇന്ന് അവാർഡ് സമ്മാനിക്കും. സമ്മേളനത്തിന്റെ ആദ്യദിവസം ടി. എസ്. നന്ദകുമാർ താളവാദ്യകച്ചേരി നടത്തിയിരുന്നു.

പ്രശസ്ത നാദസ്വര വിദഗ്ദ്ധനായിരുന്ന അമ്പലപ്പുഴ സഹോദരരുടെ കുടുംബത്തിൽ ജനിച്ച ടി. എസ്. നന്ദകുമാറിന് ശ്രുതിയും ലയവും ജൻമനാ സിദ്ധമാണെന്നു പറയാം. 7 വയസുമുതൽ ഇദ്ദേഹം നാഗസ്വരം അഭ്യസിച്ചുവരുന്നു. കൈതവന മാധവദാസാണ് നന്ദകുമാറിന്റെ ഗുരു. ആൾ ഇന്ത്യ റേഡിയോയുടെ എ ഗ്രേഡ് ആർട്ടിസ്റ്റായ നന്ദകുമാർ ഇന്ത്യയിലെ വിവിധ നഗരങ്ങളിലും ആൾ ഇന്ത്യാ റേഡിയോയിലും ദൂരദർശനിലും പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. ഇതിനു മുമ്പ് മുംബയിൽനിന്ന് 'മൃദംഗംഗുരു' അവാർഡ് നന്ദകുമാറിന് ലഭിച്ചിട്ടുണ്ട്.

ശ്രീ ഷൺമുഖാനന്ദ ഫൈൻ ആർട്സ് ആന്റ് സംഗീതസഭ, മ്യൂസിക് ട്രയാംഗിൾ സാന്താക്രൂസ്, ഗാനകലവിദ്യാനിലയം, ഗോരെഗാവ്, അന്ധേരിയിലെ നാദലയ എന്ന സ്ഥാപനങ്ങളിൽ നന്ദകുമാർ സംഗീതം പഠിപ്പിക്കുന്നു.